035/2022

MURALI PANAMANNA

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ(ജെ)വകുപ്പ്

നമ്പർ.പൊ.വി.വ -J3/49/2021-പൊ.വി.വ — 28-10-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- പൊ.വി.വ-എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം - സംബന്ധിച്ച്

സൂചന:- 1. 25/6/2022 ലെ സ.ഉ(കൈ)നം.111/2022/പൊ.വി.വ ഉത്തരവ്

2. WP(C)19808/21 കേസിലെയും മറ്റ് അനുബന്ധ കേസുകളിലെയും 10.08.2022 ലെ അന്തിമ വിധിന്യായം

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26/08/2022 ലെ നം.എച്ച് 2/295299/2021/ഡി.ജി.ഇ നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലിരുന്ന WP(C)19808/21 നമ്പർ കേസിന്റെയും മറ്റ് അനുബന്ധ കേസുകളുടെയും അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ങ്തിലെ മൊത്തം ഒഴിവുകളിൽ 7/2/1996 മുതൽ 3% സംവരണത്തോതിൽ 7/2/1996 മുതൽ 18/4/2017 വരെയും 19/4/2017 മുതൽ 4% സംവരണത്തോതിലും ബാക്ക് ലോഗ് കണക്കാക്കി G.O.(P)No.5/19/SJD dated 7/05/2019 പ്രകാരം മാനേജർമാർ നിയമനം നടത്തേണ്ടതാണ്. G.O(Ms)No.111/2022/G.Edn dated 25.06.2022 പ്രകാരം 7/2/1996 മുതൽ 33 ഉം 19/4/2017 മുതൽ 25ഉം ബാക്ക് ലോഗ് ഒഴിവുകൾ കണക്കാക്കി, ആദ്യത്തെ ഒഴിവിൽ ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി, 18/11/2018 ലെ G.O(P)No.18/2018/SJD ഉത്തരവ് തീയതിക്കുശേഷം ഉണ്ടായ ഒഴിവുകളിൽ 7/5/2019 ലെ G.O(P)No.5/19/SJD, മറ്റ് മുൻ ഉത്തരവുകൾ എന്നിവ പ്രകാരം വിധിന്യായം പുറപ്പെടുവിച്ച തീയതി മുതൽ രണ്ടുമാസത്തിനകം റോസ്റ്റർ തയ്യാറാക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ G.O(P)No.18/2018/SJD ഉത്തരവ് തീയതിക്കുശേഷം(18/11/2018) നടത്തിയ നിയമനങ്ങളിൽ അംഗീകാരം നൽകാത്തവയ്ക്ക് മേൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ബാക്ക് ലോഗ് നികത്തിയതിനുശേഷം മാത്രമേ അംഗീകാരം നൽകാൻ പാടുള്ളൂ. ഇതിനോടകം അംഗീകാരം നൽകിക്കഴിഞ്ഞ നിയമനങ്ങൾ പുനഃപരിശോധിക്കേണ്ടതില്ല.

സൂചന 3 ലെ കത്ത് പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ താഴെപ്പറയും വിധം നടപ്പാക്കേണ്ടതാണ്.

MURALI PANAMANNA

1. കോടതിവിധിയനുസരിച്ച്, ഇതിനോടകം അംഗീകാരം നൽകിയവർക്ക് ശമ്പളം നൽകുന്നതിന് യാതൊരു തടസ്സവും ഉണ്ടാകാൻ പാടില്ല. 25.06.2022 ലെ സ.ഉ(കൈ)നം.111/2022/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക 9 ൽ പ്രതിപാദിക്കുന്ന claimants ന് നിയമനാംഗീകാരം നൽകുന്നതിന് യാതൊരു തടസ്സവുമില്ല. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററിയിലെ ബൈട്രാൻസ്ഫർ നിയമനങ്ങളും അംഗീകരിക്കാവുന്നതാണ്. ഓപ്പൺ വേക്കൻസികളിലാണ് ഭിന്നശേഷി സംവരണം പാലിച്ച് ബാക്ക് ലോഗ് ഉൾപ്പെടെ നിയമനം നടത്തേണ്ടത്.

2. സംവരണ തത്ത്വം പാലിക്കുന്നതിനായി ഓരോ മാനേജ്മെന്റുകളും പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി (സീനിയർ), ഹയർ സെക്കന്ററി(ജൂനിയർ), വൊക്കേഷണൽ ഹയർ സെക്കൻഡറി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി(ജൂനിയർ), നോൺ ടീച്ചിംഗ് എന്നിങ്ങനെ കാറ്റഗറികളായി തിരിച്ച് ഒഴിവുകളുടെ ബാക്ക് ലോഗ് കണക്കാക്കേണ്ടതാണ്.

3. ഇപ്രകാരം കണക്കാക്കപ്പെടുന്ന ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിന് മാനേജ്മെന്റുകൾ 18/11/2018 മുതലുള്ള ഒഴിവുകൾ സ്കൂളുകൾ തിരിച്ച് സ്റ്റേറ്റ്മെന്റും സാക്ഷ്യപത്രവും വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. 25.06.2022 ലെ സ.ഉ(കൈ)നം.111/2022/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക 2ലെ മുൻഗണനാ ക്രമം അനുസരിച്ചാണ് റോസ്റ്റർ തയ്യാറാക്കേണ്ടത്.

4. ഒരു മാനേജ്മെൻറിന്റെ സ്കൂളുകൾ ഒരു ഉപജില്ല/ വിദ്യാഭ്യാസ ജില്ലയ്ക്കുള്ളിലാണ് നിലനിൽക്കുന്നതെങ്കിൽ അത്തരം സ്കൂളുകളിലെ ഒഴിവുകളുടെ സ്റ്റേറ്റ്മെൻറ്, സാക്ഷ്യപത്രം എന്നിവ മാനേജർമാർ ബന്ധപ്പെട്ട ഉപജില്ല/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും ഒരു റവന്യൂ ജില്ലയ്ക്കുള്ളിലാണെങ്കിൽ അവ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഒന്നിലധികം റവന്യൂ ജില്ലകളിൽ സ്കൂളുകളുള്ള മാനേജ്മെന്റുകൾ അവരുടെ മാനേജ്മെൻറിന് കീഴിലുള്ള സ്കൂളുകൾ ഒറ്റ യൂണിറ്റായി പരിഗണിച്ച് ബാക്ക് ലോഗ് കണക്കാക്കിയ സ്റ്റേറ്റ്മെന്റ്, സാക്ഷ്യപത്രം സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ ഒഴിവുകൾ മാനേജർമാർ ആർ.ഡി.ഡി./എ.ഡി, പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും മേൽ പറഞ്ഞ പ്രകാരം യഥാവിധി സമർപ്പിക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിൽ ഭിന്നശേഷി സംവരണം പാലിച്ച് അതാത് മാനേജ്മെൻറിന്റെ കീഴിലുള്ള ഒഴിവുകളുടെ സ്റ്റേറ്റ്മെൻറ് മാനേജർമാർ സമർപ്പിക്കേണ്ടതും അർഹതയുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് എംപ്ലോയ്മെൻറ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെടേണ്ടതുമാണ്.

5. ലഭ്യമായ ഒഴിവുകൾ നിയമനത്തിന് ആധാരമായ രേഖകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിക്കേണ്ടതാണ്.

6. ഭിന്നശേഷി സംവരണത്തിനായി ടി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ ഏതെങ്കിലും കാറ്റഗറിയിൽ ലഭ്യമല്ലാത്ത പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡയറക്ടറുടെ Non availability certificate ലഭ്യമാക്കുന്ന മുറയ്ക്ക് 25/06/2022 ലെ സ.ഉ(കൈ)നം.111/2022/പൊ.വി.വ ഉത്തരവിലെ 6, 7 വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2022

MURALI PANAMANNA

7. ഭിന്നശേഷിസംവരണം പാലിച്ച് നിയമനം നടത്തുന്നതുവരെ വ്യവസ്ഥാപിത തസ്തികകളിൽ നിയമിതരായി ജോലി ചെയ്തു വരുന്നവർക്ക് ദിവസവേതനം നൽകാവുന്നതാണ്. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപകർക്ക് ഗസ്റ്റ് ശമ്പളവും നൽകാവുന്നതാണ്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിസംവരണം പാലിച്ച് നിയമനം നടത്തിക്കഴിഞ്ഞ് മാത്രമേ 18/11/2018 നശേഷം നിയമനം നൽകിയതും എന്നാൽ അംഗീകാരം ലഭിക്കാത്തതുമായവരുടെ നിയമനം വ്യവസ്ഥാപിത ഒഴിവുള്ള പക്ഷം ഓരോ കേസായി പരിശോധിച്ച് ശമ്പളസ്കെയിലിൽ അംഗീകരിക്കാൻ പാടുള്ളൂ. ഭിന്നശേഷി സംവരണത്തിനായി തസ്തിക വിട്ടുനൽകുന്നതു കാരണം പുറത്തുപോകേണ്ടി വരുന്നവരുടെ നിയമനതീയതി മുതൽ ഭിന്നശേഷിസംവരണം പാലിച്ച് നിയമനം നടത്തുന്നതു വരെയുള്ള കാലയളവ് മറ്റുവിധത്തിൽ യോഗ്യമെങ്കിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ നിലവിലെ ചട്ടങ്ങൾ പ്രകാരം അംഗീകരിക്കാവുന്നതാണ്. ഇവർക്ക് ഭിന്നശേഷി സംവരണത്തിനായി മാറ്റി വയ്ക്കുന്ന തസ്തികകളൊഴികെ മാനേജ്മെന്റിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിലേക്ക് മുൻഗണന നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by N.k. Sheena
Date: 28-10-2022 14:24:34
സെക്ഷൻ ഓഫീസർ.